## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2832 — 15.12.2015 -ലെ മറുപടിയ്ക്ക്

### ഡോ. കെ. മുഹമ്മദ് ബഷീറിന്റെ നിയമനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>,, വി.ചെന്താമരാക്ഷൻ<br>,, പി.ടി.എ. റഹീം<br>,, കെ.കെ.നാരായണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ ഡോ.കെ. മുഹമ്മദ് ബഷീറിന്റെ നിയമനം ചട്ടപ്രകാരമാണോ നടത്തിയിട്ടുള്ളത്; | (എ) | അതെ. |
| (ബി) | കേരള സർവ്വകലാശാല രജിസ്ട്രാർ ആയിരുന്ന ഡോ. കെ. മുഹമ്മദ് ബഷീറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലറായി നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഡോ. കെ. മുഹമ്മദ് ബഷീറിന്റെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല. |
| (സി) | വൈസ് ചാൻസലർ നിയമനത്തിന് യു.ജി.സി. അനുശാസിക്കുന്ന യോഗ്യതകൾ ഡോ. മുഹമ്മദ് ബഷീറിനുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലർ സ്ഥാനത്തു നിന്ന് സ്ഥാനമൊഴിയുന്ന മുറക്ക് കേരള സർവ്വകലാശാലയിൽ വീണ്ടും രജിസ്ട്രാർ ആയി തുടരുന്നതിനാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വൈസ് ചാൻസലർ സ്ഥാനമേൽക്കുന്നത് എന്ന | | ഇല്ല.<br><br>ഒരു സർവ്വകലാശാലയിൽ വൈസ്-ചാൻസലർ ആയിരുന്ന ആളെ പിന്നീട് മറ്റൊരു സർവ്വകലാശാലയിൽ രജിസ്ട്രാർ ആയി നിയമിക്കുന്നതിന് നിയമ തടസ്സമുള്ളതായി ആക്റ്റിൽ കാണുന്നില്ല. |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു സർവ്വകലാശാലയിൽ വൈസ്-ചാൻസലർ ആയിരുന്ന ആളെ പിന്നീട് മറ്റൊരു സർവ്വകലാശാലയിൽ രജിസ്ട്രാർ ആയി നിയമിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ; | | |
| (ഇ) | ഡോ. കെ. മുഹമ്മദ് ബഷീറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത് എന്തുകൊണ്ടാണ്; വിശദമാക്കുമോ; | | ഡോ. കെ. മുഹമ്മദ് ബഷീറിന്റെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടില്ല. |
| (എഫ്) | ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിൽ വൈസ് ചാൻസലർ നിയമനം നടത്തുന്നത് ചട്ടപ്രകാരം ശരിയായ നടപടിയാണോയെന്ന് യൂണിവേഴ്സിറ്റി നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ? | | ഡെപ്യൂട്ടേഷൻ സമ്പ്രദായത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ സർവ്വകലാശാല ആക്ടിൽ സ്പഷ്ടമല്ല. |

**സെക്ഷൻ ഓഫീസർ**